പതിനഞ്ചാം കേരള നിയമസഭ

മൂന്നാം സമ്മേളനം

ബുള്ളറ്റിൻ ഭാഗം 2

2021 നവംബർ 08

നമ്പർ 172

## നിയമസഭാ ഹോസ്റ്റലിലെ ഹെൽത്ത് ക്ലിനിക്കിൽ ഇ-ഹെൽത്ത് പദ്ധതി നടപ്പിലാക്കൽ

കേരള സർക്കാർ അംഗീകരിച്ച, Ministry of Information Communication Technology-യുടെ കീഴിലുള്ള ലോകബാങ്ക് പദ്ധതി ആയ ഇ-ഹെൽത്ത്, കേരളത്തിലെ എല്ലാ പി.എച്ച്.സി ,സി.എച്ച്.സി, താലൂക്ക്-ജില്ല-ജനറൽ-മെഡിക്കൽ കോളേജ് ആശുപത്രികളിൽ ഉൾപ്പെടെ ആകെ 1293 ആശുപത്രികളിലും നടപ്പിലാക്കുകയാണ്.ഈ പദ്ധതി കേരളത്തിലെ 237 സർക്കാർ ആശുപത്രികളിൽ നടപ്പിലാക്കി കഴിഞ്ഞിട്ടുണ്ട്.പ്രസ്തുത പദ്ധതി നിയമസഭാ ഹോസ്റ്റലിലെ ഹെൽത്ത് ക്ലിനിക്കിലും നടപ്പാക്കുവാൻ ഉദ്ദേശിക്കുന്നു.ഇ-ഹെൽത്ത് പദ്ധതിയിൽ ഓരോ രോഗിക്കും ആധാർ അധിഷ്ഠിതമായി പ്രത്യേക Unique Health ID കാർഡ് നൽകുകയും രോഗിയുടെ എല്ലാവിധ ചികിത്സാ വിവരങ്ങളും ഈ കാർഡിൽ ഉൾക്കൊള്ളിക്കുകയും ചെയ്യുന്നു.അബോധാവസ്ഥയിൽ എത്തിക്കുന്ന രോഗികളുടെ വിവരങ്ങൾവരെ വിരലടയാളം പരിശോധിച്ച് ആശുപത്രി അധികൃതർക്ക് മനസിലാക്കുവാൻ സാധിക്കുന്നു.പദ്ധതിപ്രകാരം, ഇ-ഹെൽത്ത് നടപ്പിലാക്കിയ ഏതൊരു ആശുപത്രിയിലും ചികിത്സ തേടുന്ന രോഗികളുടെ Unique Health ID കാർഡ് ഉപയോഗിച്ച് അളുവരെയുള്ള ചികിത്സാവിവരങ്ങൾ മനസിലാക്കുവാനും രോഗിയുടെ ഏത് അവസ്ഥയിലും തുടർചികിത്സ നൽകുവാനും സാധിക്കുന്നു.പ്രസ്തുത പദ്ധതി നിയമസഭാ ഹോസ്റ്റലിലെ അലോപ്പതി ഹെൽത്ത് ക്ലിനിക്കിലും നടപ്പിലാക്കുവാൻ ബഹു സ്പീക്കർ ഉത്തരവായിരിക്കുന്ന വിവരം അറിയിക്കുന്നു. ഇ-ഹെൽത്ത് പദ്ധതി നടപ്പിലാക്കുന്നതിലേയ്ക്ക് UHID കാർഡ് വിതരണം ചെയ്യുന്നത് സംബന്ധിച്ച വിശദാംശങ്ങൾ ആരോഗ്യ വകുപ്പിന്റെ ഇ-ഹെൽത്ത് വിഭാഗവുമായി ബന്ധപ്പെട്ട് എത്രയും വേഗം അംഗങ്ങളെ അറിയിക്കുന്നതാണ്.

എസ്.വി ഉണ്ണികൃഷ്ണൻ നായർ

സെക്രട്ടറി